# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെഎസ്ഡി.7/1114/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 11/01/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെഎസ്ഡി.7/1114/2022 തീയ്യതി: 11/01/2023

## കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കിഷോർ തോമസ്.എം | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 25-11-2022 | 02-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 25-11-2022 | 02-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഗോപാലകൃഷ്ണ നായിക് പി - ഓഡിറ്റ് ഓഫീസർ
ജയാനന്ദ എച്ച് - ഓഡിറ്റ് ഓഫീസർ
യാദവകുമാര സി എച്ച് - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ജെന്ന കുര്യാക്കോസ് - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അരുൺദേവ് വി ആർ - സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| മുരളി എച്ച് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ജയൻ പി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജി പി റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 07-01-2022 |
| ഷാജി സി | അസിസ്റ്റന്റ് സെക്രട്ടറി | 10-01-2022 | 31-03-2022 |
| ഗണേശൻ കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| പ്രവീൺ എൻ എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.എഡിസൺ മാത്യു | വെറ്റിനറി സർജ്ജൻ | 01-04-2021 | 07-07-2021 |
| ഡോ.അഖിൽ ജോർജ്ജ് കെ | വെറ്റിനറി സർജ്ജൻ | 08-07-2021 | 14-08-2021 |
| ഡോ.ഹെലെന്നാ ടി എം | വെറ്റിനറി സർജ്ജൻ | 16-08-2021 | 10-11-2021 |
| ഡോ.അഭിൻരാജ് | വെറ്റിനറി സർജ്ജൻ | 11-11-2021 | 31-03-2022 |
| ഡോ.സുബ്ബരായ കെ | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2021 | 31-03-2022 |
| ഡോ.ലേഖ ഡി എസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.ജോമി തോമസ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2021 | 31-03-2022 |
| കൃഷ്ണപ്പ ബി | പ്രധാനാധ്യാപകൻ | 01-04-2021 | 31-03-2022 |
| അനീഷ് ടി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 13-11-2021 |
| സുനിത ഇ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15-11-2021 | 31-03-2022 |
| സന്ധ്യ കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 13-07-2021 |
| ശ്രീജ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14-07-2021 | 05-11-2021 |
| അനു അന്ന | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 06-11-2021 | 15-11-2021 |
| സഹല പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2021 | 31-03-2022 |
| ബിനുമോൻ എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| അനിൽകുമാർ.എ.ജി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

,

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ. | 1-2 |
| 3 | തൻ വർഷ വാടക ഇനത്തിൽ ലഭികേണ്ട തുക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല | 1-2-1 |
| 4 | ബാധ്യതഇനത്തിൽ നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല. | 1-2-2 |
| 5 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-2-3 |
| 6 | സ്ഥിരനിക്ഷപം- ടി.ഡി.എസ് തുക കുറവു ചെയ്തത് ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-2-4 |
| 7 | അഡ്വാൻസ് തുക ക്രമീകരിക്കാതെ നിലനിൽക്കുന്നു. | 1-2-5 |
| 8 | ഗ്രാന്റ് , ഫണ്ട്, കോൺട്രിബ്യൂഷൻ ഇനത്തിലെ നീക്കിയിരിപ്പിന്റെ വിശദാംശം ലഭ്യമല്ല. | 1-2-6 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്തിട്ടില്ല | 1-10 |
| 17 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല. | 1-11 |
| 18 | ഔട്ട് ഡോർ കളക്ഷൻ രസീത് പ്രകാരമുള്ള തുക സഞ്ചയയിൽ തെറ്റായി ഒടുക്കുവരുത്തിയിരിക്കുന്നു. | 1-12 |
| 19 | ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പ്രകാരമുള്ള തുക നാളിതുവരേയും ലഭ്യമായിട്ടില്ല. | 1-13 |
| 20 | ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു. | 1-14 |
| 21 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല | 1-15 |
| 22 | FTE&OS ലൈസൻസ് | 1-16 |
| 23 | ബിൽഡിങ് പെർമിറ്റ്,ഗണം എന്നിവ സംബന്ധിച്ച് | 1-17 |
| 24 | സമഗ്ര ശിക്ഷാ കേരളം പദ്ധതിയ്ക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല | 1-18 |

| | | |
|---|---|---|
| 25 | വൈദ്യുതി ചാർജ്, വെള്ളക്കരം- സംയുക്തപരിശോധന നടത്തിയിട്ടില്ല | 1-19 |
| 26 | ലൈഫ് ഭവന പദ്ധതി-പൂർത്തീകരിക്കാത്ത ഭവനങ്ങൾ | 1-20 |
| 27 | വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല-നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1-21 |
| 28 | പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയിട്ടില്ല-വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1-22 |
| 29 | വിവിധ സ്ഥലങ്ങളിൽ ഇലക്ട്രിഫിക്കേഷൻ -പൂർത്തീകരണ രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-23 |
| 30 | ഓക്സിജൻ പ്ലാന്റ് നിർമാണത്തിന് പഞ്ചായത്ത് വിഹിതം നൽകൽ- വിനിയോഗ വിവരം ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് | 1-24 |
| 31 | ആന പ്രതിരോധ പ്രവർത്തനത്തിന് പഞ്ചായത്ത് വിഹിതം നൽക്കൽ- വിനിയോഗ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് | 1-25 |
| 32 | കാർഷിക മേഖലയിലെ പദ്ധതികൾ സംബന്ധിച്ച നിരീക്ഷണം | 1-26 |
| 33 | സ്രോതസ്സുകളിൽ നിന്നും കുറവ് ചെയ്യേണ്ട നികുതികൾ കുറവ് ചെയ്തതായി കാണുന്നില്ല | 1-27 |
| 34 | വിവാഹധനസഹായം- രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-28 |
| 35 | കുറ്റിക്കോൽ പൊതു ടോയിലറ്റ് ഉപയോഗക്ഷമമല്ല. | 1-29 |
| 36 | വയോജനക്ഷേമം - മറ്റു ക്ഷേമപദ്ധതികൾ കൂടി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ് | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 2/1 20.02.2021 | 13/1 23.03.2022 |
| മുന്നിരിപ്പ് | 12531064 | 30862462 |
| വരവ് | 239792000 | 277292631 |
| ആകെ | 252323064 | 308155093 |
| ചെലവ് | 222603537 | 300119734 |
| നീക്കിയിരിപ്പ് | 29719527 | 8035359 |

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 തൻ വർഷ വാടക ഇനത്തിൽ ലഭികേണ്ട തുക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്ററിൽ ചുവടെ പറയും പ്രകാരം 118160/- രൂപ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുക ധനകാര്യ പത്രികയിൽ ബലൻസ്ഷീറ്റിലെ ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | റൂം നമ്പർ | പേര് | ലഭിക്കേണ്ടതുക |
|---|---|---|---|
| 1 | 5 | ജോബി സെബാസ്റ്റ്യൻ | 48812 |
| 2 | 11 | സെക്രട്ടറി റബ്ബർ ഫാർമേഴ്സ് സൊസൈറ്റി | 26460 |
| 3 | 19 | വി.എൻ രാജൻ | 21708 |
| 4 | 20 | മൊഹമ്മദ് റഫീക്ക് | 21180 |
| ആകെ | | | 118160/- |

മേൽ തുക ബി-15 ഷെഡ്യൂളിൽ ഉൾപ്പെടാത്തതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/28.11.2022 ന് 11,19 എന്നീ കടമുറികൾ കോവിഡ് 19 മഹാമാരിയെ തുടർന്ന് പൂർണ്ണമായും പ്രവർത്തിച്ചിട്ടില്ലാത്തതിനാൽ ടി കടമുറികളുടെ വാടക ഒഴിവാക്കിത്തരണമെന്നും റവന്യൂ റിക്കവറി നടപടികളിൽ നിന്നും ഒഴിവാക്കിത്തരണമെന്നും കാണിച്ച് ഭരണസമിതിക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 23/7/2022 തീയതിയിലെ 21/1 നമ്പർ ഭരണസമിതി തീരുമാനപ്രകാരം റബ്ബർ ഫാർമേഴ്സ് സൊസൈറ്റി കുറ്റിക്കോൽ, വി.എൻ രാജൻ എന്നിവരുടെ പേരിൽ റവന്യൂറിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തിരുന്നത് പിൻവലിക്കുവാൻ ബഹു.ജില്ലാ കളക്ടറോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു എന്ന വിവരവും, മറ്റ് കടമുറികൾ ലേലംകൊണ്ടവരിൽ നിന്നും തുക ഈടാക്കുന്നതിന് റവന്യൂറിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും രേഖാമൂലം അറിയിച്ചിട്ടുണ്ട്.

മേൽ പ്രകാരം തൻ വർഷം ലഭ്യമാകേണ്ട തുക ധനകാര്യപത്രികയിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടികൾ

വരുന്ന മുറയ്ക്കുമാത്രം അവയിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

ഇതു സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-2-2 ബാധ്യതഇനത്തിൽ നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

ധനകാര്യപത്രിക ബി-9 ഷെഡ്യൂളിൽ ചുവടെ പറയുന്ന തുകകൾ വർഷങ്ങളായി ബാധ്യതയായി നിലനിൽക്കുന്നു.

| ക്രമ നമ്പർ | ഇനം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 |
|---|---|---|---|---|---|---|---|---|
| 1 | റിക്കവറീസ് പേയബിൾ -കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് & കോ-ഓപ്പറേറ്റീവ് ബാങ്ക് | 0 | 0 | 0 | 10668 | 3556 (10668+62917-70029) | 3556 | 3556 |
| 2 | റിക്കവറീസ് പേയബിൾ -ഐ.ടി ഡിഡക്റ്റ് @ സോഴ്സ്- സാലറി | -200 | -3500 (-200+ 70380- 73680) | -3500 | 5540 (-3500+ 70310- 61270) | 4000 (5540+ 42202- 43742) | 1000 (4000- 12000+ 9000) | 1000 |
| 3 | റിക്കവറീസ് പേയബിൾ -ഐ.ടി ഡിഡക്റ്റ് @ സോഴ്സ് | 0 | 76 | 76 | 76 | 76 | 2002 (76+ 1926) | 2002 |
| 4 | റിക്കവറീസ് പേയബിൾ -വാറ്റ് | 11839 | 12143 (11839+ 304) | 13188 (12143+ 1045) | 13188 | 13188 | 13188 | 13188 |
| 5 | ഗവൺമെന്റ് & അദർ ഡ്യൂസ് പേയബിൾ - വാറ്റ് | 98131 | 71795 (98131+ 10070- 36406) | 71795 | 71795 | 71795 | 71795 | 71795 |
| 6 | റിക്കവറീസ് പേയബിൾ- കെ.സി.ഡബ്ല്യൂ.ഡബ്ല്യൂ.എഫ് | 974 | 1050 (974+ 76) | 1050 | 1050 | 1050 | 1050 | 1050 |
| 7 | ഗവൺമെന്റ് & അദർ ഡ്യൂസ് പേയബിൾ - ഫ്ലഡ് സെസ് | 0 | 0 | 0 | 0 | 411 | 5813 (411+ | 6594 (5813+ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | 5402) | 781) |
| 8 | റീഫണ്ട്സ് പേയബിൾ -ഗ്രാന്റ്സ് & ഫണ്ട്സ് | 0 | 0 | 455915 | 455915 | 455915 | 455915 | 455915 |

മേൽ തുകകൾ ഒടുക്കുവരുത്താതെ വർഷങ്ങളായി നിലനിൽക്കുന്നതിനുള്ള കാരണം വിശദമാക്കുന്നതിന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/28.11.2022 ന് ക്രമ നമ്പർ 1 പ്രകാരം 3556/- രൂപ ബാക്കി നിൽക്കുന്നത് അന്നത്തെ അക്കൗണ്ടന്റ് അശോകൻ.വി.ആർ എന്നവരുടെ സൊസൈറ്റി ലോൺ ശമ്പളത്തിൽ നിന്നും കുറവ് ചെയ്തത് പ്രസ്തുത ബാങ്കിൽ ഒടുക്കാതെ അവശേഷിക്കുന്നതാണെന്നും ക്രമനമ്പർ 4,5 പ്രകാരമുള്ള വാറ്റ് തുകകൾ പ്രസ്തുത ഹെഡിൽ ഒടുക്കുന്നതിന് സാധിക്കുമെങ്കിൽ എത്രയും പെട്ടെന്ന് ഒടുക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പരാമർശം പ്രകാരമുള്ള മറ്റ് തുകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

മേൽ തുകകളുടെ വിശദാംശംവും തുടർ നടപടി വിവരവും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-2-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2021-22 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ പറയുന്ന പദ്ധതികൾ പ്രകാരം കെ.എസ്.ഇ.ബി.യിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | തുക |
|---|---|---|
| 1 | 278/22 മലാംകുണ്ട് അങ്കനവാടി ഇല്ലത്തിങ്കാൽ റോഡ് പ്രവൃത്തിയുടെ ഭാഗമായി വൈദ്യുതി പോസ്റ്റ് മാറ്റുന്നതിന് | 10912/- |
| 2 | 279/22 നിലാവ് പദ്ധതി നടപ്പിലാക്കുന്ന ഭാഗമായി നിലവിലുള്ള സ്ട്രീറ്റ് മെയിൻ വലിച്ച സ്ഥലങ്ങളിൽ കൺട്രോൾ ബോക്സ് സ്ഥാപിക്കുന്നതിന് | 100000/- |
| ആകെ | | 110912/- |

മേൽ തുകകൾ ധനകാര്യപത്രികയിലെ ബി-18 ഷെഡ്യൂളിൽ ലോൺ, അഡ്വാൻസ് & ഡെപ്പോസിറ്റ് എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനുള്ള വിശദാംശം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/1.12.2022 ന് മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിനാലാണ് ധനകാര്യപത്രികയിലെ ബി-18 ഷെഡ്യൂളിൽ ഡെപ്പോസിറ്റ് ഇനത്തിൽ ഉൾപ്പെടുത്താതിരുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ മേൽ പദ്ധതികളുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.യിൽ നിന്നും നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ മേൽ തുക ബി-18 ഷെഡ്യൂളിൽ രേഖപ്പെടുത്തുകയും ആയത് ലഭ്യമായി മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തിയതിനുശേഷം ഷെഡ്യൂളിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.

1-2-4 സ്ഥിരനിക്ഷപം- ടി.ഡി.എസ് തുക കുറവു ചെയ്തത് ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പേരിൽ എസ്.ബി.ഐ യിൽ നിലനിൽക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ്മെന്റിൽ ചുവടെ പറയും പ്രകാരം പലിശ വരവു വയ്ക്കുകയും ടി.ഡി.എസ് കുറവുവരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതിൽ ടി.ഡി.എസ് ഇനത്തിൽ കുറവു ചെയ്ത തുക കണക്കിലെടുക്കാതെ ആകെ ബാക്കിയുള്ള തുക പലിശ ഇനത്തിലെ വരവായി രജിസ്റ്ററിലും ധനകാര്യപത്രികയിലും രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

| ബാങ്ക് | അക്കൗണ്ട് നമ്പർ | നിക്ഷേപ തുക | കാലാവധി പൂർത്തിയാകുന്ന തീയതി | പലിശ | ആകെ തുക |
|---|---|---|---|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 39346907857 | 5000000 | 25/5/2021 | 258582 | 5258582 |

| പലിശ ഇനത്തിലെ വരവ് | | ടി.ഡി.എസ് ഇനത്തിൽ കുറവു ചെയ്തത് | |
|---|---|---|---|
| 24/5/2021 | 262928/- | 25/5/2021 | 4346/- |
| 31/3/2022 | 22651/- | 31/3/2022 | 22651/- |
| ആകെ | 285579 | ആകെ | 26997 |

സ്റ്റേറ്റ്മെന്റ് പ്രകാരം പലിശ ഇനത്തിലെ വരവ് 285579/- രൂപയും ടി.ഡി.എസ് ഇനത്തിൽ കുറവു ചെയ്തത് 26997/- രൂപയുമാണ്. എന്നാൽ ധനകാര്യപത്രികയിൽ 258582/- രൂപയാണ് ( 285579 - 26997) പലിശ ഇനത്തിലെ വരവായി രേഖപ്പെടുത്തിയിട്ടുള്ളത്.

മേൽ പ്രകാരം തുക ഉൾപ്പെടുത്താതതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 26/1.12.2022 ന് പ്രസ്തുത ഇടപാടിന്റെ സ്റ്റേറ്റ്മെന്റ് എടുത്തപ്പോഴാണ് ടി.ഡി.എസ് പിടിച്ചതിന്റെ കണക്ക് ലഭ്യമായതെന്നും പ്രസ്തുത തുക തിരികെ ലഭ്യമാക്കാൻ ബാങ്കിനോട് രേഖാമൂലം ആവശ്യപ്പെടുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-2-5 അഡ്വാൻസ് തുക ക്രമീകരിക്കാതെ നിലനിൽക്കുന്നു.

ധനകാര്യപത്രിക ബി-18 ഷെഡ്യൂളിൽ മറ്റ് അഡ്വാൻസ് എന്ന ഇനത്തിൽ ചുവടെ പറയും പ്രകാരം തുക ക്രമീകരിക്കാതെ നിലനിൽക്കുന്നു

| ഇനം | 2021-22 | 2020-21 | 2019-20 | 2018-19 | 2017-18 |
|---|---|---|---|---|---|
| മറ്റ് അഡ്വാൻസ് (460100199) | 43300 (6500+36800) | 6500 (500+6000) | 500 | 500 | 500 |

മേൽ തുകയുടെ വിശദാംശവും നാളിതുവരെ ക്രമീകരിക്കാത്തതിനുള്ള കാരണവും വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/29.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതയ്ക്കുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-2-6 ഗ്രാന്റ് , ഫണ്ട്, കോൺട്രിബ്യൂഷൻ ഇനത്തിലെ നീക്കിയിരിപ്പിന്റെ വിശദാംശം ലഭ്യമല്ല.

ധനകാര്യപത്രിക ബി-4 ഷെഡ്യൂളിൽ ഗ്രാന്റ് , ഫണ്ട്, കോൺട്രിബ്യൂഷൻ ഇനത്തിൽ ചുവടെ പറയും പ്രകാരം തുകകൾ വർഷങ്ങളായി ചെലവഴിക്കാതെ നിലനിൽക്കുന്നു.

| ഇനം | 2021-22 | 2020-21 | 2019-20 | 2018-19 | 2017-18 | 2016-17 | 2015-16 |
|---|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ- ബ്ലോക്ക് പഞ്ചായത്ത് - റവന്യൂ ചെലവുകൾ (320700204) | 500 | 500 | 500 | 500 | - | - | - |

| | | | | | | | |
|---|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ- ജില്ലാ പഞ്ചായത്ത് - റവന്യൂ ചെലവുകൾ (320700205) | 100044 | 100044 | 100044 | 100044 | - | - | - |
| കോൺട്രിബ്യൂഷൻ മറ്റ് സ്പെസിഫിക്ക് ആവശ്യങ്ങൾ - ബ്ലോക്ക് പഞ്ചായത്ത് (320700404) | 5144 | 5144 | 5144 | 5144 | 5144 | 5144 | 5144 |

മേൽ തുകകൾ ഏതെല്ലാം ഇനത്തിൽ ലഭ്യമായിട്ടുള്ളതാണെന്നതിന്റെ വിശദാംശവും നാളിതുവരെ വിനിയോഗിക്കാത്തതിനുമുള്ള കാരണവും തുകകൾ ഏതെല്ലാം അക്കൗണ്ടിലാണ് ശേഷിക്കുന്നത് എന്നതിന്റെ വിശദാംശവും ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/29.11.2022 ന് ചുവടെ പറയുംപ്രകാരമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

1) ജോയിന്റ് വെഞ്ചർ പദ്ധതി – ബ്ലോക്ക് പഞ്ചായത്ത് 2018-19 ൽ തുക ജേർണൽ ചെയ്യുമ്പോൾ കുറവുവന്ന തുകയാണ് 500/- രൂപ. പ്രസ്തുത അപാകത 2022-23 ൽ പരിഹരിക്കുന്നതാണ്.

2) ജോയിന്റ് വെഞ്ചർ പദ്ധതി – ജില്ലാ പഞ്ചായത്ത് 2018-19 ലെ 100044/- രൂപയിൽ 44 രൂപ പാലിയേറ്റീവ് പദ്ധതിക്ക് ജില്ലാപഞ്ചായത്ത് നൽകിയ തുകയിൽ ചെലവഴിക്കാതെ ബാക്കി കിടക്കുന്ന തുകയാണ്. പ്രസ്തുത തുക ജില്ലാ പഞ്ചായത്തിനു തിരികെ നൽകുന്നതാണ്. കൂടാതെ 100000/- രൂപ അഗതി ആശ്രയപദ്ധതിക്കായി നൽകിയിട്ടുള്ള ജില്ലാ പഞ്ചായത്ത് വിഹിതമാണ്. പ്രസ്തുത തുകയ്ക്ക് പദ്ധതി രൂപീകരിച്ച് അർഹതയുള്ള ഗുണഭോക്താവിന് നൽകുന്നതാണ്.

3) കോൺട്രിബ്യൂഷൻ മറ്റ് സ്പെസിഫിക്ക് ആവശ്യങ്ങൾ-ബ്ലോക്ക് പഞ്ചായത്ത് നൽകിയ അംഗൺവാടി പോഷകാഹാരത്തിനുള്ള വിഹിതമാണ് 5144/- രൂപ. പ്രസ്തുത തുക പദ്ധതിയിൽ പോഷകാഹാരം കേന്ദ്രവിഹിതമായി ഉൾപ്പെടുത്തി ചെലവ് ചെയ്യുന്നതാണ്.

മറുപടി പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2021-22 |
|---|---|
| മുന്നിരിപ്പ് | 19048770 |
| വരവ് | 97655221 |
| ആകെ | 116703991 |
| ചെലവ് | 96783055 |
| നീക്കിയിരിപ്പ് | 19920936 |

## 1-4 ഫണ്ട് വിനിയോഗം

A) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് - | 0 | 17893567 | 17893567 | 17480906 | 412661 | 97.69 |

| | | | | | | |
|---|---|---|---|---|---|---|
| പൊതുവിഭാഗം | | | | | | |
| വികസന ഫണ്ട് – എസ്.സി.പി | 0 | 570800 | 570800 | 529000 | 41800 | 92.68 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 9337680 | 9337680 | 8720639 | 617041 | 93.39 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 0 | 13098000 | 13098000 | 10783672 | 2314328 | 82.33 |
| സംരക്ഷണ ഗ്രാന്റ് – നോൺ റോഡ് | 0 | 7322282 | 7322282 | 3194816 | 4127466 | 43.63 |
| സി.എഫ്.സി – അൺടൈഡ് – ബാങ്ക് | 0 | 3318417 | 3318417 | 2485655 | 832762 | 74.90 |
| സി.എഫ്.സി – അൺടൈഡ് – ട്രഷറി | 0 | 948930 | 948930 | 943481 | 5449 | 99.43 |
| സി.എഫ്.സി – ടൈഡ്- ട്രഷറി | 0 | 7150000 | 7150000 | 3059106 | 4090894 | 42.78 |
| സി.എഫ്.സി – ടൈഡ് – ബാങ്ക് | 0 | 4892000 | 4892000 | 851181 | 4040819 | 17.39 |

1) വികസന ഫണ്ട് – പൊതുവിഭാഗം സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്യേണ്ട തുകയായ 2413400/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2)വികസന ഫണ്ട് – ടി.എസ്.പി സ്രോതസിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്യേണ്ട തുകയായ 1261333/- രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

ബി) ഫണ്ട് വിനിയോഗം ( രസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് – പൊതുവിഭാഗം | | 0 | 15067506 | 15067506 | 15067506 | 0 |
| വികസന ഫണ്ട് – എസ്.സി.പി | | 0 | 529000 | 529000 | 529000 | 0 |
| വികസന ഫണ്ട്- ടി.എസ്.പി | | 0 | 7459306 | 7459306 | 7459306 | 0 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | | 0 | 10783672 | 10783672 | 10783672 | 0 |
| സംരക്ഷണ ഗ്രാന്റ് – നോൺ റോഡ് | | 0 | 3194816 | 3194816 | 3194816 | 0 |
| സി.എഫ്.സി – ടൈഡ് ഫണ്ട് | ബാങ്ക് | 0 | 4892000 | 4892000 | 851181 | 4040819 |
| | ട്രഷറി (സ്പിൽ ഓവർ) | 0 | 3059106 | 3059106 | 3059106 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സി.എഫ്.സി - അൺടൈഡ് ഫണ്ട് | ബാങ്ക് | 0 | 3261000 | 3261000 | 2485655 | 775345 |
| | പലിശ | 0 | 57417 | 57417 | 0 | 57417 |
| | ട്രഷറി (സ്പിൽ ഓവർ) | 0 | 943481 | 943481 | 943481 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 223 | 136615584 | 155 | 83114185 | - | 68 | 60.84 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2021-22 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2021-22 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 27 | 9252587 | 21 | 6294847 | 68.04 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 17 | 4985700 | 7 | 3407952 | 68.35 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 121 | 51035983 | 81 | 27991934 | 54.85 |
| 4 | കൃഷി ഓഫീസർ | 7 | 5188863 | 7 | 4186777 | 80.69 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 26 | 51597915 | 23 | 30623778 | 59.35 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5813536 | 6 | 5774260 | 99.32 |
| 7 | വെറ്റനറി സർജ്ജൻ | 5 | 2445000 | 3 | 524957 | 21.47 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 800000 | 1 | 800000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 3 | 1772000 | 2 | 1393633 | 78.65 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 2 | 400000 | 2 | 400000 | 100 |
| 11 | പ്രധാനാധ്യാപകൻ | 5 | 710000 | 0 | 0 | 0 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1600000 | 1 | 1600000 | 100 |
| 13 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 1014000 | 1 | 116047 | 11.44 |
| | ആകെ | 223 | 136615584 | 155 | 83114185 | 60.84 |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 27355.25 | 774235 | 801590.25 | 801590.25 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 52693882 | 52693882 | 52693882 | 0 |
| ആകെ | 27355.25 | 53468117 | 53495472.25 | 53495472.25 | 0 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കായി 2021-22 വർഷം 2039 പദ്ധതികളുൾപ്പെടുന്ന 32.96 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു.ഇത് പ്രകാരം 7,10,815 തൊഴിൽദിനങ്ങളാണ് വിഭാവനം ചെയ്തിരുന്നത്.എന്നാൽ തൻ വർഷം 723 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 1,63,462 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 352 കുടുംബങ്ങളുണ്ട്.

1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3240 | 2 |
| കർഷകതൊഴിലാളി പെൻഷൻ | 2963200 | 196 |
| വിധവാപെൻഷൻ | 18037200 | 1192 |
| വാർദ്ധക്യകാലപെൻഷൻ | 28759400 | 2076 |
| വികലാംഗപെൻഷൻ | 6052600 | 404 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 777600 | 52 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 450000 | 15 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25 /11/2022 തീയ്യതിയിൽ 3.10pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 14162/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം | ഒഴിഞ്ഞുകിടക്കുന്നത് |
|---|---|---|---|
| 1 | സെക്രട്ടറി | 1 | 0 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 | 0 |
| 3 | ഹെഡ് ക്ലാർക്ക് | 1 | 0 |
| 4 | അക്കൗണ്ടന്റ് | 1 | 0 |
| 5 | സീനിയർ ക്ലാർക്ക് | 3 | 1 |
| 6 | ക്ലാർക്ക് | 4 | 1(കന്നട) |
| 7 | ഓഫീസ് അസിസ്റ്റന്റ് | 1 | 0 |
| 8 | പി.റ്റി.എസ് | 0 | 0 |
| 9 | ലൈബ്രേറിയൻ (പാർട്ട് ടൈം) | 0 | 0 |
| 10 | ഡ്രൈവർ | 1 | 0 |
| ആകെ | | 13 | 2 |

കരാർ നിയമനം

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | ടെക്നിക്കൽ അസിസ്റ്റന്റ് | 1 |
| 2 | പ്രോജക്ട് അസിസ്റ്റന്റ് | 1 |
| 3 | അക്രഡിറ്റഡ് എഞ്ചിനീയർ (എം.ജി.എൻ.ആർ.ഇ.ജി.എസ്) | 1 |
| 4 | ഓവർസിയർ (എം.ജി.എൻ.ആർ.ഇ.ജി.എസ്) | 2 |
| 5 | ഡാറ്റ് എന്റി ഓപ്പറേറ്റർ | 2 |
| ആകെ | | 7 |

യോഗ വിവരങ്ങൾ

| ക്രമ നമ്പർ | കമ്മിറ്റി | ഓഡിറ്റ് കാലയളവിൽ ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | പഞ്ചായത്ത് കമ്മിറ്റി | 32 |
| 2 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 12 |
| 3 | വികസന സ്റ്റാന്റിംഗ് കമ്മിറ്റി | 16 |
| 4 | ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | 15 |
| 5 | ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി | 12 |
| 6 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം | 5 |
| 7 | സ്റ്റാഫ് മീറ്റിംഗ് | 13 |

1-10 റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്തിട്ടില്ല

2015-16 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതികൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | കെട്ടിട നമ്പർ | തുക |
|---|---|---|---|---|
| 1 | 11/3/2019 | 118010104190 | 14/413A1 | 3192 |
| 2 | 15/3/2019 | 118010104411 | 3/245 | 937 |
| 3 | 5/4/2019 | 119010100036 | 4/358 | 820 |
| 4 | 24/7/2019 | 119010101810 | 10/505 | 343 |
| 5 | 5/9/2019 | 119010102341 | 1/461 | 208 |
| 6 | 28/11/2019 | 119010103274 | 13/276 | 552 |
| 7 | 24/1/2020 | 119010104523 | 14/85A | 624 |
| 8 | 4/2/2020 | 119010104784 | 10/627A | 1056 |

| | | | | |
|---|---|---|---|---|
| 9 | 26/2/2020 | 119010105341 | 5/500 | 624 |
| 10 | 6/6/2020 | 120010100447 | 10/547 | 104 |
| 11 | 9/6/2020 | 120010100620 | 6/447 | 133 |
| ആകെ | | | | 8593 |

മേൽ വിഷയത്തിന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/28.11.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ പരിധിയിലുള്ള ചുവടെ പറയുന്ന മൊബൈൽ ടവറിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

| ബിൽഡിംഗ് ഐ.ഡി | ഡോർ നമ്പർ | ഓണറുടെ പേര് | വിലാസം |
|---|---|---|---|
| 51196010004599 | 5/478/ | റിലയൻസ് കമ്മ്യൂണിക്കേഷൻ | എസ്.എ റോഡ് |

| ക്രമ നമ്പർ | വർഷം | കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ നികുതി |
|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 3294.00 | 165.00 | 3459.00 |
| 2 | 2013 | രണ്ടാം അർദ്ധവർഷം | 3750.00 | 187.00 | 3937.00 |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 3750.00 | 188.00 | 3938.00 |
| 4 | 2014 | രണ്ടാം അർദ്ധവർഷം | 3750.00 | 187.00 | 3937.00 |
| 5 | 2015 | ഒന്നാം അർദ്ധവർഷം | 3750.00 | 188.00 | 3938.00 |
| 6 | 2015 | രണ്ടാം അർദ്ധവർഷം | 3750.00 | 187.00 | 3937.00 |
| 7 | 2016 | ഒന്നാം അർദ്ധവർഷം | 3750.00 | 188.00 | 3938.00 |
| 8 | 2016 | രണ്ടാം അർദ്ധവർഷം | 3750.00 | 187.00 | 3937.00 |
| 9 | 2017 | ഒന്നാം അർദ്ധവർഷം | 3750.00 | 188.00 | 3938.00 |
| 10 | 2017 | രണ്ടാം അർദ്ധവർഷം | 3750.00 | 187.00 | 3937.00 |
| 11 | 2018 | ഒന്നാം അർദ്ധവർഷം | 3750.00 | 188.00 | 3938.00 |
| 12 | 2018 | രണ്ടാം അർദ്ധവർഷം | 3750.00 | 187.00 | 3937.00 |
| 13 | 2019 | ഒന്നാം അർദ്ധവർഷം | 3750.00 | 188.00 | 3938.00 |

| | | | | | |
|---|---|---|---|---|---|
| 14 | 2019 | രണ്ടാം അർദ്ധവർഷം | 3750.00 | 187.00 | 3937.00 |
| 15 | 2020 | ഒന്നാം അർദ്ധവർഷം | 3750.00 | 188.00 | 3938.00 |
| 16 | 2020 | രണ്ടാം അർദ്ധവർഷം | 3750.00 | 187.00 | 3937.00 |
| 17 | 2021 | ഒന്നാം അർദ്ധവർഷം | 3750.00 | 188.00 | 3938.00 |
| 18 | 2021 | രണ്ടാം അർദ്ധവർഷം | 3750.00 | 187.00 | 3937.00 |
| 19 | 2022 | ഒന്നാം അർദ്ധവർഷം | 3750.00 | 188.00 | 3938.00 |
| 20 | 2022 | രണ്ടാം അർദ്ധവർഷം | 3750.00 | 187.00 | 3937.00 |
| ആകെ | | | 74544 | 3727 | 78271 |

തുക ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം, തുടർ നടപടി വിവരം, എന്നിവ ലഭ്യമാക്കുന്നതിന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 3/28.11.2022 ന് ടി കെട്ടിടത്തിന്റെ 2013-14 മുതലുള്ള നികുതി ഒടുക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾക്കായി നൽകിയിട്ടുണ്ടെന്നും നടപടി നടന്നുവരുന്നുണ്ടെന്നുമാണ് മറുപടി ലഭിച്ചിട്ടുള്ളത്.

ഇതു സംബന്ധിച്ച തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 ഔട്ട് ഡോർ കളക്ഷൻ രസീത് പ്രകാരമുള്ള തുക സഞ്ചയയിൽ തെറ്റായി ഒടുക്കുവരുത്തിയിരിക്കുന്നു.

ഔട്ട് ഡോർ കളക്ഷൻ രസീത് മുഖേന ലഭ്യമായ വസ്തുനികുതി തുക ചുവടെ പറയും പ്രകാരം തെറ്റായി സഞ്ചയയിൽ ഒടുക്കുവരുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | ബുക്ക് നമ്പർ | രസീത് നമ്പർ | തീയതി | കെട്ടിട നമ്പർ | തുക | സഞ്ചയയിൽ ഒടുക്കിയിട്ടുള്ള തുക |
|---|---|---|---|---|---|---|
| 1 | 462 | 76 | 30/3/2022 | 14/523 | 15 | 8 |
| 2 | 456 | 100 | 28/2/2022 | 11/164 | 761 | 1522 |

മേൽ പ്രകാരം ലഭിച്ച തുകയിൽ നിന്നും വ്യത്യസ്തമായ തുക സഞ്ചയയിൽ ഒടുക്കിയതിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിന നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/28.11.2022 ന് സഞ്ചയസോഫ്റ്റ് വെയറിലെ സാങ്കേതിക പിഴവ് മൂലമാണ് അപാകത സംഭവിച്ചതെന്നും പരാതി രജിസ്റ്റർ ചെയ്ത് പരിഹരിക്കുന്നതാണ് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ അപാകത പരിഹരിച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13 ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പ്രകാരമുള്ള തുക നാളിതുവരേയും ലഭ്യമായിട്ടില്ല.

ചുവടെ പറയുന്ന ചെക്ക് പ്രകാരം പഞ്ചായത്തിന ലഭിക്കേണ്ട തുക നാളിതുവരെയും അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

| ബാങ്ക് | വൗച്ചർ നം, തീയതി | ചെക്ക്നം, തീയതി | തുക |
|---|---|---|---|
| കുറ്റിക്കോൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് - | 118010500052/22.3.2019 | 6919971/20.3.2019 | 7250 |

| | | | |
|---|---|---|---|
| 2774 | | | |
| എസ്.ബി.ഐ - കുറ്റിക്കോൽ - 67291374974 | 118010500019/11.9.2018 | 152146/31.10.2020 | 7500 |
| ആകെ | | | 14750/- |

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 പ്രകാരം ചെക്ക്/ഡി.ഡി എന്നിവ ലഭിക്കുമ്പോൾ പണമാക്കുന്നതിനു വിധേയമായി എന്ന് വ്യക്തമായി രേഖപ്പെടുത്തിയ രസീത് നൽകേണ്ടതും ഏതെങ്കിലും ചെക്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതുമാണ്. മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതും രസീത് റദ്ദാക്കിയ വിവരം ചെക്ക് നൽകിയ ആളെ അറിയിക്കേണ്ടതും ബാങ്ക് ചാർജ്ജ് ഉൾപ്പെടെയുള്ള തുക ഒടുക്കുവാൻ ആവശ്യപ്പെടേണ്ടതും തുക ഒടുക്കുന്ന മുറയ്ക്ക് രസീത് നൽകേണ്ടതുമാണ്.

മേൽ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/28.11.2022 ന് 2018-19 ൽ തൊഴിൽ നികുതി ഇനത്തിൽ ബി.എസ്.എൻ.എൽ നൽകിയ 7500/- രൂപയുടെ ചെക്ക് 11.09.2018 തീയതിയിലെ 118010500019 നമ്പർ രസീത് പ്രകാരവും ജി.യു.പി.എസ് മാനടുക്കം ഒടുക്കിയ തൊഴിൽ നികുതിയായ 7250/- രൂപയുടെ ചെക്ക് 22.03.2019 തീയതിയിലെ 118010500052 നമ്പർ രസീത് പ്രകാരവും രേഖപ്പെടുത്തിയിരുന്നെന്നും ചെക്ക് മാറാത്തതിനാൽ പ്രസ്തുത തുക പലിശ സഹിതം പഞ്ചായത്തിൽ ഒടുക്കുന്നതിന് ആവശ്യപ്പെടുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 പ്രകാരം സ്വീകരിക്കേണ്ട നടപടികൾ യാതൊന്നും ചെയ്തിട്ടില്ല എന്ന് മറുപടിയിൽ നിന്നും വ്യക്തമാകുന്നു. പലിശ സഹിതം തുക ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിരിക്കുന്നു.

ജി.ഒ(എം.എസ്).144/15/തസ്വഭവ,തീ.27.04.2015,ജി.ഒ(എം.എസ്). 358/15/തസ്വഭവ തീ. 16.12.2015 എന്നിവ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായും പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. ഇളവിനായി ഓരോ പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കും കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത മാതൃകയിലുള്ള സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ചുവടെ പറയുന്ന ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുള്ളതായി കാണുന്നു.

| ക്രമ നമ്പർ | വാർഡ്/കെട്ടിട നമ്പർ | പേര് /വിലാസം |
|---|---|---|
| 1 | 1/459, 1/460A | എ.കുഞ്ഞമ്പു, ബേത്തൂർപ്പാറ, വട്ടംതട്ട |
| 2 | 2/81D,2/81E | ബാലൻ.എച്ച്, വെള്ളാല, കുറ്റിക്കോൽ |
| 3 | 2/104,2/104A | എച്ച്.കുഞ്ഞിക്കണ്ണൻ, വെള്ളാല, കുറ്റിക്കോൽ |
| 4 | 2/168,2/168A | ഗോപി.എച്ച്, ചിറക്കാൽ, കുറ്റിക്കോൽ |
| 5 | 2/238A,2/238C | എം.ഗോപാലൻ മണിയാണി, ചായിത്തടുക്കം, കുറ്റിക്കോൽ |
| 6 | 3/320E,3/320A | ശീലാവതി, ചായിത്തടുക്കം, കുറ്റിക്കോൽ |

| | | |
|---|---|---|
| 7 | 3/360,3/360A | റീന ബൈജു, പൂവടിയിൽ, പരക്കുന്ന് |
| 8 | 5/211,5/211A | നബീസ, ബന്തടുക്ക |
| 9 | 5/320,5/321 | ജാനകി, ചിക്കണ്ടമൂല |
| 10 | 6/262B,6/263 | കല്ല്യാണി, പാലാർ |
| 11 | 7/40,7/46 | കുട്ടപ്പൻ ആശാരി, പാലാർ, മൊട്ട |
| 12 | 7/140,7/141B | രുഗ്മിണി, ഉന്തത്തടുക്കം, മാണിമൂല |
| 13 | 7/244,7/244B | നാരായണൻ.ബി, ഉന്തത്തടുക്കം |
| 14 | 7/286,7/286A | കെ.വി.ദാമോധരൻ, ബേത്തലം |
| 15 | 7/322,7/322A | ജോസഫ്, പൂടംകല്ല് |
| 16 | 9/22,9/23 | ടി.വി.ദേവസ്യ, തെങ്ങടയിൽ, മാനടുക്കം |
| 17 | 9/35A,9/35B | മൈലി, ശാസ്ത്രിനഗർ, മാനടുക്കം |
| 18 | 9/59,9/59A | വെളുത്തൻ, മാനടുക്കം |
| 19 | 9/61B,9/63A | അമ്പാടി, ശാസ്ത്രിനഗർ, മാനടുക്കം |
| 20 | 9/85,9/85A | ചെല്ലൻ, ശാസ്ത്രിനഗർ, മാനടുക്കം |
| 21 | 9/258,9/259 | എ.കൃഷ്ണൻ നായർ |
| 22 | 9/294A,9/294 | ദേവകി, ചൂരിത്തോട് |
| 23 | 10/143B,10/143E | ദാമോധരൻ.പി, കക്കച്ചാൽ |
| 24 | 10/642,10/643 | കുമാരൻ നായർ, ബന്തടുക്ക |
| 25 | 11/47A,11/47B | ബിജു.ബി, ചുഴിപ്പ്, മാനടുക്കം |
| 26 | 11/53A,11/53B | രാജേഷ്.കെ, ചുഴിപ്പ്, മാനടുക്കം |
| 27 | 11/71,11/72A | ബാലകൃഷ്ണ നായ്ക്ക്, ചുഴിപ്പ് |
| 28 | 11/73A,11/74 | മോഹനൻ.ബി, ചുഴിപ്പ് |
| 29 | 11/178,11/178A | സതി, കരിവേടകം |
| 30 | 11/250, 11/250A | കൊട്ടച്ചി, കൊല്ലംപണ |
| 31 | 11/357, 11/358 | എം.അബ്ദുൾബഷീർ, ഫാത്തിമബീവി.പി.എച്ച്, ടി.എ.അബ്ദുൾ റഹിമാൻ-തെക്കിൽ |
| 32 | 11/377A, 11/377B | എം.ബാലൻ, കൂട്ടത്തിൽ, കരിവേടകം |
| 33 | 13/8B, 13/8C | കണ്ണൻ.കെ, കപ്പണക്കാൽ, ബന്തടുക്ക |
| 34 | 13/154, 13/154A | സുധ.എം, ഇടയിച്ചാൽ, ശങ്കരംപാടി |
| 35 | 13/382, 13/383 | എടക്കര ഏലിയാസ്, ശങ്കരംപാടി |
| 36 | 13/453, 13/453C | ശാരദ.വി, ആലത്തിൻകടവ്, കരിവേടകം |
| 37 | 13/508, 13/508A | ശ്രീധരൻ.സി, ആലിൻതാഴെ, കരിവേടകം |
| 38 | 14/12, 14/12A | എം.കുഞ്ഞിരാമൻ, ചോനോക്ക് |
| 39 | 14/189, 14/189A | ഉസ്മാൻ.ടി, ഞെരു, കുറ്റിക്കോൽ |
| 40 | 14/287A, 14/288 | എച്ച്.ഗൗരി, പുണ്യംകണ്ടം, കുറ്റിക്കോൽ |
| 41 | 14/408, 14/408B | മാധവി.എച്ച്, പുളുവിഞ്ചി, കുറ്റിക്കോൽ |
| 42 | 14/427A, 14/427B | ചോമാറു |
| 43 | 14/553D, 14/554A | മുറിച്ചി.എച്ച്, കാഞ്ഞനടുക്കം, കുറ്റിക്കോൽ |
| 44 | 15/21, 15/21A | നാരായണി, ആർത്തട്ടിപ്പാറ |
| 45 | 15/114, 15/115 | ടി.ബാലകൃഷ്ണൻ, കളക്കരഹൗസ്, കുറ്റിക്കോൽ |

| | | |
|---|---|---|
| 46 | 15/115B, 15/115C | ബിന്ദു.കെ.എച്ച്, കളക്കര, കുറ്റിക്കോൽ |
| 47 | 15/260, 15/260A | വെള്ളച്ചി, കമലാക്ഷി, ആരതി, രമേഷ് |
| 48 | 15/351, 15/351A | പി.ദാമോധരൻ, കളക്കര, കുറ്റിക്കോൽ |
| 49 | 15/365, 15/365A | കുമ്പ.എച്ച്, പയ്യങ്ങാനം |
| 50 | 15/412A, 15/412C | ശാന്ത, പയ്യങ്ങാനം, കുറ്റിക്കോൽ |
| 51 | 16/281, 16/282 | കൈക്കളൻ, കരുവിഞ്ച്യം |
| 52 | 16/284A, 16/285 | ടി.കാർത്ത്യായനി, കരുവിഞ്ച്യം |
| 53 | 16/429A, 16/430 | ടി.സരോജിനി, അമ്പലത്തിങ്കാൽ, കുറ്റിക്കോൽ |

മേൽ പറഞ്ഞ വ്യക്തികൾക്ക് ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശവും കെട്ടിട ഉടമകൾ സമർപ്പിച്ച സത്യവാങ്മൂലവും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/28.11.2022 ന് മറുപടി നൽകിയിട്ടില്ല.

ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് രണ്ട് വീടുകളുണ്ടെങ്കിലും പഴയ കെട്ടിടം പൊളിച്ചുകളഞ്ഞിട്ടാണ് പുതിയ കെട്ടിടം പണിതിരിക്കുന്നതെന്നും അപേക്ഷ ലഭിക്കുന്നമുറയ്ക്ക് പൊളിച്ചുകളഞ്ഞ കെട്ടിടങ്ങൾ സഞ്ചയയിൽ നിന്നും നീക്കം ചെയ്യുന്നതാണെന്നുമാണ് മറുപടി ലഭിച്ചിട്ടുള്ളത്.

പരാമർശ പ്രകാരമുള്ള കെട്ടിടങ്ങളിൽ പൊളിച്ച കളഞ്ഞവയ്ക്ക് ഉടമസ്ഥരിൽ നിന്നും അപേക്ഷ സ്വീകരിച്ച് സഞ്ചയയിൽ നിന്ന് നീക്കം ചെയ്യുകയും മറ്റുള്ളവയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കൺസ്യൂമർഫെഡ് , ബന്തടുക്ക | രണ്ടാം അർദ്ധവർഷം |
| 2 | സപ്ലൈക്കോ, കുറ്റിക്കോൽ | രണ്ടാം അർദ്ധവർഷം |

മേൽ തുകകൾ ഈടാക്കാത്തതിന് വിശദാംശം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/1.12.2022 ന് മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കി വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 FTE&OS ലൈസൻസ്

1996 ലെ കേരള പഞ്ചായത്ത് രാജ് (Issue Of Licence To Factories,Traders,Entrepreneurship Activities And Other Services) ചട്ടങ്ങൾ പ്രകാരം ഉല്പാദന മേഖലയിൽ 25 ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപമുള്ളതും, സേവന മേഖലയിൽ 10 ലക്ഷം രൂപയിൽ കവിയാത്ത മൂലധന നിക്ഷേപമുള്ളതുമായ വ്യാപാരങ്ങൾക്കുള്ള വാർഷിക ലൈസൻസ് ഫീസ് ₹ 500/- രൂപയാണ്. എന്നാൽ പഞ്ചായത്തിൽ വളരെ കുറഞ്ഞ നിരക്കിലാണ് (പ്രധാനമായും₹100/- & ₹200/-) വാർഷിക

ലൈസൻസ് ഫീസ് ഈടാക്കുന്നതായി കാണുന്നത്. കൂടാതെ ഒരേ മൂലധന നിക്ഷേപമുള്ളവരിൽ നിന്നും വ്യത്യസ്ത നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കുന്നതായും കാണുന്നത്. ബന്ധപ്പെട്ട ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളതിലും കുറഞ്ഞനിരക്കിലും, ഒരേ മൂലധന നിക്ഷേപമുള്ളവരിൽ നിന്നും വ്യത്യസ്ത നിരക്കിലും ഫീസ് ഈടാക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി -30 (തിയതി-02.12.2022))

1-17 ബിൽഡിങ് പെർമിറ്റ്,ഗണം എന്നിവ സംബന്ധിച്ച്

എ).ബിൽഡിങ് പെർമിറ്റ്-കാലാവധി കഴിഞ്ഞതും/കഴിയാറായതുമായ അനുമതികളുടെ നിലവിലെ സ്ഥിതി / തുടർ നടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

KPBR-2019 പ്രാബല്യത്തിൽ വരുന്നത് വരെ 2019-20 വർഷത്തിൽ 89 പെർമിറ്റുകളുടെ അപേക്ഷകൾ ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ഇതിൽ Rejected/Returned എന്ന് ചേർത്തിട്ടുള്ള 8 അപേക്ഷകളും (7,9,10,42,46,47,48,80), Regularisation/Number Given എന്ന് ചേർത്തിട്ടുള്ള 17 അപേക്ഷകളും (6,13,20,21,24,29,31,39,41,45,50,63,65,68,69,72,89), Cancelled എന്ന് ചേർത്തിട്ടുള്ള 02 അപേക്ഷകളും (28,53) – ഒഴികെയുള്ള 62 പെർമിറ്റുകളുടെ കാലാവധി 2022 വർഷത്തിൽ അവസാനിക്കും. ഈ അനുമതികളുടെ നിലവിലെ അവസ്ഥയെന്ത് ? പെർമിറ്റുകൾ പുതുക്കി നൽകിയിട്ടുണ്ടോ ? നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പർ നൽകിയിട്ടുണ്ടോ ? തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയില്ല.കൂടാതെ 2019-20, 2020-21 വർഷങ്ങളിൽ പഞ്ചായത്ത് നിർമ്മാണാനുമതി നൽകിയ താഴെ സൂചിപ്പിച്ചിട്ടുള്ള നിർമ്മിതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വസ്തുതകളും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | അപേക്ഷകൻ | ഫയൽ നം | തരം/ഗണം,Sy.No | പെർമിറ്റ് നം |
|---|---|---|---|---|
| 1 | Reliance Jio Infocom Ltd,Mamangalam , Palarivattam | SC-3/1671 Dtd:02.04.2019 | Mobile Tower (71/12 B Kuttikkol) | SC.3. BA (89848)/2019 Valid Upto 06.05.2020 |
| 2 | Reliance Jio Infocom Ltd,Mamangalam , Palarivattam | SC-3/1672 Dtd:02.04.2019 | Mobile Tower (148/1 Bandadka) | SC.3. BA (123494)/2019 Valid Upto 29.05.2020 |
| 3 | Kanakaraj P Moyolam(H) Munnad P O | SC-3/2230 Dtd:14.05.2019 | Petrol Pump (149/2 Kuttikkol) | SC.3. BA (5274)/2020 Valid Upto 28.01.2023 |
| 4 | ATC Telecom Infrastructure Pvt Ltd, Kaloor,Kochi | SC-3/786/20 Dtd:15.02.2020 | ന്യൂനത പരിഹരിക്കുന്നതിന് രജിസ്റ്റേഡ് തപാലിൽ അയച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടികൾ ലഭ്യമല്ല | |

| | | | | |
|---|---|---|---|---|
| | | | | |
| 5 | Summit Digital Infrastructure | SC-3/1381 Dtd:..... | Telecommunication Tower (132/1A Pt.34) | SC.3. BA (119436)/2021 Dtd:03.06.2021 Valid Upto 02.06.2022 |
| 6 | Summit Digital Infrastructure | SC-3/2166 Dtd:03.08.2021 | Mobile Tower (126/1A Pt 1096) | SC.3. BA (214977)/2021 Dtd:24.09.2021 Valid Upto 23.09.2022 |

വസ്തുതകൾ പരിശോധിച്ച് ആദ്യ മറുപടിക്കൊപ്പം വിശദാംശങ്ങളും സ്വീകരിച്ച നടപടികളും അറിയിക്കേണ്ടതാണ്.

ബി. കെട്ടിടത്തിന്റെ ഗണം (Occupancy),പാർക്കിങ് സ്ഥലം എന്നിവയിലോ, മറ്റേതെങ്കിലും തരത്തിലുള്ള വ്യതിയാനമോ (Alterations) വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്.

പഞ്ചായത്തിന് സമീപം കുറ്റിക്കോൽ ജങ്ഷനിൽ സ്ഥിതി ചെയ്യുന്നതും ചുവടെ പേര് ചേർത്തിട്ടുള്ളവരുടെ ഉടമസ്ഥതയിലുള്ളതുമായ കെട്ടിടങ്ങളുടെ അനുവദനീയമായ Occupancy, Parking Provision എന്നിവയിൽ വ്യതിയാനം വരുത്തിയിട്ടുണ്ടോ ? മറ്റേതെങ്കിലും വ്യതിയാനങ്ങൾ (Alterations) വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച്, ചട്ടപ്രകാരം സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ സഹിതം ഓഡിറ്റ് റിപ്പോർട്ടിന്റെ ആദ്യ മറുപടിക്കൊപ്പം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | കെട്ടിട നം | ഉടമ |
|---|---|---|
| 1 | XV/68 Aമുതൽ J വരെ | നിർമ്മല & എ.കെ. നാരായണൻ, പയ്യങ്ങാനം |
| 2 | XV/493 Aമുതൽ D വരെ | വി.ബാലകൃഷ്ണൻ,ചാടകം |
| 3 | XV/508 Aമുതൽ H വരെ | സി.ബാലകൃഷ്ണൻ, മൊട്ടത്തടി |
| 4 | XV/509 Aമുതൽ H വരെ | സി.ബാലകൃഷ്ണൻ, മൊട്ടത്തടി |

(ഓഡിറ്റ് എൻക്വയറി -30 (തിയതി-02.12.2022))

1-18 സമഗ്ര ശിക്ഷാ കേരളം പദ്ധതിയ്ക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം ഹാജരാക്കിയിട്ടില്ല

പ്രോജക്റ്റ് നം. 104/22 പദ്ധതിയുടെ പേര്- എസ്.എസ്.കെ വിഹിതം നൽകൽ

| | |
|---|---|
| പ്രോജക്റ്റ് നം. /പദ്ധതിയുടെ പേര് | 104/22 എസ്.എസ്.കെ വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 9,00,000/-രൂപ |
| ചെലവ് തുക | 9,00,000/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയതി | 25/04.08.2021 |
| തുക നൽകിയത് | 9,00,000/- അക്കൗണ്ട് നം.081901104302 |

സമഗ്ര ശിക്ഷാ കേരളം, സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ ക്ക് മേൽ വിവരിച്ച പ്രകാരം കൈമാറിയ തുകയുടെ വിനിയോഗ വിവരം ഓഡിറ്റ് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. തുകയുടെ വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ 9,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം 22 /29.11.2022)

1-19 വൈദ്യുതി ചാർജ്, വെള്ളക്കരം- സംയുക്തപരിശോധന നടത്തിയിട്ടില്ല

1) ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 1,64,254/-കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി യും ഗ്രാമപഞ്ചായത്തും സംയുക്തമായി പരിശോധന നടത്തി കത്തുന്ന തെരുവ് വിളക്കുകൾ എത്ര എണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും കണക്കാക്കിയിട്ടില്ല.

